LIBRARY ARCHIVES Kerala Legislative Assembly

ട്രേഡ് ലൈസൻസ്

112 (1486) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നഗരങ്ങളിലെ കടകൾക്ക് ട്രേഡ് ലൈസൻസ് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ ?

ഉത്തരം

ഉണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 447-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായിട്ടാണ് ട്രേഡ് ലൈസൻസ് അനുവദിക്കുന്നത്.

ബന്ധപ്പെട്ട വ്യവസായത്തിന്റെ/ഫാക്ടറിയുടെ/സ്ഥലത്തിന്റെ ഉടമസ്ഥനോ കൈവശക്കാരനോ നഗരസഭാ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും കൗൺസിൽ തീരുമാന പ്രകാരം യുക്തമെന്നു തോന്നുന്ന നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി ലൈസൻസ് നൽകുകയോ പൊതു താൽപര്യാർത്ഥം നിരസിക്കുകയോ ചെയ്യുന്നതാണ്. ലൈസൻസിന്റെ കാലാവധി അതിൽ പറയുന്ന പ്രകാരമോ അല്ലെങ്കിൽ 3 വർഷം തികയുമ്പോൾ അവസാനിക്കുന്നതോ ആണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലൈസൻസിനോ പുതുക്കുന്നതിനോ ഉള്ള അപേക്ഷ അത് ആവശ്യമുള്ള ആദ്യത്തെ തീയതിക്കുമുമ്പ് അല്ലെങ്കിൽ ലൈസൻസ് അവസാനിക്കുന്ന തീയതിക്കുമുമ്പ് 30 ദിവസത്തിനുള്ളിൽ കുറയാതെയും തൊണ്ണൂറ് ദിവസത്തിൽ കവിയാതെയും ഉള്ള സമയത്തിനുള്ളിൽ കൊടുത്തിരിക്കേണ്ടതാണ്. സർക്കാരിന്റെ 25-7-2011-ലെ വിജ്ഞാപനം സ.ഉ. (അ)24/2011/ തസ്വഭവ. നമ്പർ പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20) 447, 448, 449, 450, 453, 454, 456, 459, 460, 462, 469, 470, 492 എന്നീ വകുപ്പുകൾക്ക് 565-ാം വകുപ്പിനോട് കൂട്ടി വായിച്ചപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ ഉപയോഗിച്ച് 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്തതാണ്.

വഴിയോര കച്ചവടക്കാർക്ക് ലൈസൻസ്

113 (1487) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും നഗരസഭകളിലും വഴിയോര കച്ചവടക്കാരെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഉത്തരവാദിത്വം ആർക്കാണ്;

(ബി) വഴിയോര കച്ചവടക്കാർക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും നഗരസഭകളിലും വഴിയോര കച്ചവടക്കാരെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഉത്തരവാദിത്വം പ്രാദേശിക നഗരസഭകൾക്കാണ്.

(ബി) 2014-ൽ നിലവിൽ വന്ന "തെരുവോര കച്ചവട നിയമം {Protection of Livelihood & Regulation of Street Vending} 2014" വഴിയോര കച്ചവടക്കാർക്ക് ലൈസൻസ് വിഭാവനം ചെയ്യുന്നു. നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും തെരുവു കച്ചവടക്കാരെ കണ്ടെത്താനുള്ള സർവ്വേ ആരംഭിക്കുകയും ആയവ പൂർത്തീകരിച്ച് വരികയുമാണ്. കാസർഗോഡ്, കോഴിക്കോട്, മലപ്പുറം, കോട്ടയം, തൃശ്ശൂർ നഗരസഭകളിൽ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. നഗരസഭകളിലെ ടൗൺ വെൻഡിങ് കമ്മിറ്റിയാണ് തെരുവു കച്ചവടക്കാർക്ക് ലൈസൻസ് അനുവദിക്കുന്നത്. നിലവിൽ ഒരു നഗരസഭയിലും പ്രസ്തുത നിയമപ്രകാരമുള്ള ലൈസൻസ് നൽകിയിട്ടില്ല.

ടാക്സിസ്റ്റാൻഡുകളും ഓട്ടോറിക്ഷാ സ്റ്റാൻഡുകളും

114 (1488) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാക്സിസ്റ്റാൻഡുകളും ഓട്ടോറിക്ഷാ സ്റ്റാൻഡുകളും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മാനദണ്ഡങ്ങൾ പാലിക്കാത്തതും അംഗീകാരമില്ലാത്തതുമായ ഓട്ടോറിക്ഷാ സ്റ്റാൻഡുകൾ സംസ്ഥാനത്തുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) തിരുവനന്തപുരം പേട്ട ജംഗ്ഷനിൽ പുതുതായി പണി തീർത്ത പാലത്തിലേയ്ക്ക് ചാക്ക ബൈപാസിൽ നിന്നും വരുന്ന റോഡ് തിരിയുന്ന ഭാഗത്ത്, അനധികൃതമായി ഓട്ടോറിക്ഷാ സ്റ്റാൻഡ് സ്ഥാപിച്ചിരിക്കുന്നതും ടൂവീലറും ഓട്ടോറിക്ഷയും പാർക്ക് ചെയ്യുന്നതുമൂലം കാൽനട യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ തിരക്ക് കുറഞ്ഞ ഭാഗത്തേയ്ക്ക് വാഹന പാർക്കിംഗ് മാറ്റുന്ന കാര്യം പരിഗണിക്കുമോ?

1436/2018.

LIBRARY ARCHIVES Kerala Legislative Assembly